(ബി) പ്രസ്തുത കുടികിടപ്പുകാർക്ക് നിരോധനക്കരം അടയ്ക്കണമെന്ന് ഡിമാൻറ നോട്ടീസ് നൽകിയിരുന്നോ; ഏതു വർഷം മുതൽ ഏതുവർഷംവരെയുള്ള നിരോധനക്കരം അടയ്ക്കാനാണ് നോട്ടീസു നൽകിയിരുന്നതു; പ്രസ്തുത സ്ഥലം ദേവസ്വം ഡിപ്പാർട്ടുമെൻറിനു കൈമാറാം ചെയ്യുന്ന ഉത്തരവു പാസായതു എന്നാണു; അതിനുമുൻപ മുതൽക്കുള്ള നിരോധനക്കരം അടയ്ക്കാനല്ലേ നോട്ടീസു നൽകിയിരുന്നതു; ദേവസ്വം ഡിപ്പാർട്ടുമെൻറിലെ സ്ഥലം കൈമാറാം ചെയ്യുന്നതിനു മുൻപുതന്നെയുള്ള കുടികിടപ്പുകാരെന്നനില പരിഗണിച്ചു അവരുടെ പേരിലുള്ള ഒഴിപ്പിക്കൽ നടപടി വീണ്ടും നിറുത്തിവയ്ക്കുമോ?

ഉത്തരം.

(എ) ശാസ്താംകോട്ട ക്ഷേത്രത്തിനു കിഴക്കുവശമുള്ള സ്ഥലത്തു് അനധികൃത പ്രവേശനത്തിനു് 35 കേസുകൾ എടുത്തു് നടപടിനടത്തി പ്രവേശനം ഒഴിപ്പിക്കുന്നതിനു് തീരുമാനിച്ചിട്ടുണ്ടു്. പ്രസ്തുത പ്രവേശനക്കാരുടെ അപേക്ഷയനുസരിച്ചു് ഗവണ്മെൻറ് തൽക്കാലം നടപടി നിറുത്തിവച്ചിരുന്നതും, അപേക്ഷയിന്മേൽ അന്വേഷണം നടത്തി വസ്തു ഒഴിപ്പിക്കേണ്ടതാണെന്നു് ബോദ്ധ്യം വന്നതിനാൽ ഒഴിപ്പിക്കൽ നടപടി തുടരുന്നതിനു് വീണ്ടും തീരുമാനിച്ചിട്ടുള്ളതും ആണു്.

(ബി) നിരോധനക്കരം അടയ്ക്കുന്നതിനു് കക്ഷികൾക്കു് നോട്ടീസ് അയച്ചിട്ടുണ്ടു്. നിരോധനക്കരം ഈടാക്കുന്നതിനു് പ്രവേശനത്തിൻറെ പഴക്കമനുസരിച്ചു് ഒരു വർഷം മുതൽ അഞ്ചു വർഷം വരെയുള്ള നിരോധനക്കരം ചുമത്തി നോട്ടീസ് അയച്ചിട്ടുണ്ടു്. പ്രസ്തുത സ്ഥലം ദേവസ്വംബോർഡിലേക്കു് പാട്ടത്തിനു കൊടുക്കുന്നതിനു് 29-8-1953-ൽ ഉത്തരവായി. അതനുസരിച്ചു് ടി സ്ഥലം 5-9-1953-ൽ ദേവസ്വം ബോർഡിനു് വിട്ടുകൊടുത്തു. ഏതാനും ചില കേസുകളിൽ പ്രസ്തുത തീയതിക്കുമുൻപുള്ള പഴക്കം അസ്സലമാക്കി നിരോധനക്കരം ചുമത്തിയിട്ടുണ്ടു്. ഈ സ്ഥലം ഒരു വൈദികഗുരുകുലം സ്ഥാപിക്കുന്നതിനുവേണ്ടി ദേവസ്വംബോർഡിനു കൊടുത്തിട്ടുള്ളതാകയാൽ മുൻ പ്രവേശനക്കാരെ ഒഴിപ്പിക്കുവാനുള്ള നടപടി നിറുത്തിവയ്ക്കാൻ നിർവാഹമില്ല.

സർക്കാർ പുറംപോക്കിലെ ഭൂമിയില്ലാത്ത കുടികിടപ്പുകാർ

256. [12] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ താലൂക്കിൽ പുറംപോക്കു, തരിശുഭൂമിയിൽ തല ച്ചിറകളും, പബ്ലിക്കു് മാർക്കറ്റുകളും ഒഴിച്ചു് എത്രസ്ഥലം കിടപ്പുണ്ടു്; ഏതെല്ലാം പകുതികളിൽ;

(ബി) അതിൽ പ്രവേശനമുള്ളതു് എവിടൊക്കെ; എത്ര ഏക്കർ സ്ഥലത്തു്;

(സി) അനധികൃതപ്രവേശനക്കാരിൽ ഭൂമിയുള്ളവർ എത്ര; അവരുടെ കൈവശം എന്തു ഭൂമി ഉണ്ടു്; അവരെ ഒഴിപ്പിക്കാൻ ഫലപ്രദമായ എന്തു നടപടിയാണു് എടുത്തിട്ടുള്ളതു; അത്രയും ഭൂമിയുള്ള എത്ര പ്രവേശനക്കാരെ കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഒഴിപ്പിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രവേശനക്കാരിൽ മറ്റു ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾ എത്ര; അവരുടെ കൈവശം എന്തു ഭൂമിയുണ്ട്; അവരിൽ ആരെയെങ്കിലും ഒഴിപ്പിക്കാൻ നടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിൽ; അതു നിറുത്തിവയ്ക്കുമോ?

(ഇ) സർക്കാർ പുറംപോക്കും, തരിശും ഭൂമികളിൽനിന്നു ഭൂമിയുള്ളവരെയൊഴികെ ഭൂമി ഇല്ലാത്തവർക്ക് പതിച്ചുകൊടുക്കുമോ?

ഉത്തരം.

(എ) എല്ലാ പങ്കുതികളിലുമായി 6060 ഏക്കർ 37.580 സെന്റ് പുറംപോക്കും, തരിശും സ്ഥലമുണ്ട്.

(ബി) എല്ലാ പങ്കുതികളിലുമായി ആകെ 2840 ഏക്കർ, 46 സെന്റ് സ്ഥലത്തു പ്രവേശനമുണ്ട്.

(സി) അനധികൃതപ്രവേശനക്കാരിൽ 453 പേർ മറ്റു ഭൂമിയുള്ളവരാണ്. അവരുടെ കൈവശം 244 ഏക്കർ, 91 സെന്റ് സ്ഥലമുണ്ട്. അവരെ ഒഴിപ്പിക്കുന്നതിനു ഭൂമിസംരക്ഷണ ആക്ടനുസരിച്ചുള്ള നടപടികൾ നടത്തിയിട്ടുണ്ട്. ഏനാദിമംഗലം വില്ലേജിൽ 6 ആളുകളെ ഒഴിപ്പിച്ചിട്ടുണ്ട്.

(ഡി) പ്രവേശനക്കാരിൽ 2030 ആളുകൾ മറ്റു ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികളാണ്. അവരുടെ കൈവശം 2595 ഏക്കർ, 55 സെന്റ് ഭൂമിയുണ്ട്. അവരിൽ 677 പേരുടെ പേരിൽ ഒഴിപ്പിക്കൽ നടപടി എടുത്തിട്ടുണ്ട്. അപ്രകാരം ഒഴിപ്പിക്കൽ നടപടി എടുത്തിട്ടുള്ളവരുടെ പേരുവിവരം ലിസ്റ്റ്*ഇതോടെ ചേർത്തിരിക്കുന്നു. കുത്തകപ്പാട്ടം കൊടുക്കുവാൻ നിവൃത്തിയില്ലാത്ത ഭൂമികളിലെ എല്ലാ പ്രവേശനക്കാരെയും ഒഴിപ്പിക്കാൻ നടപടി എടുത്തിട്ടുണ്ട്. നിലവിലുള്ള ചട്ടങ്ങളനുസരിച്ചു കുത്തകപ്പാട്ടം കൊടുക്കാൻ നിവൃത്തിയില്ലാത്ത സ്ഥലങ്ങളിലെ പ്രവേശനം ഒഴിപ്പിക്കുന്നതിനു ഉള്ള നടപടി നിറുത്തിവയ്ക്കത്തക്കതല്ല.

(ഇ) സർക്കാർ ഭൂമിയിൽനിന്നും ഭൂമി ഉള്ള കുയ്യറക്കാരെ എൽ. സി. ആക്ടുംപ്രകാരം ഒഴിപ്പിക്കുന്നുണ്ട്. ഭൂമിയില്ലാത്തവർക്ക് കുത്തകപ്പാട്ടത്തിനു സ്ഥലം കൊടുക്കുന്നുമുണ്ട്. പതിച്ചുകൊടുക്കാൻ ഇപ്പോൾ നടപടി നടത്തുന്നില്ല.

മന്ത്രിമാരുടെ സഞ്ചാരച്ചെലവു്.

257. [13] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഏപ്രിൽ, മേയ് മാസങ്ങളിൽ മന്ത്രിമാരുടെ സഞ്ചാരച്ചെലവു മൊത്തം എന്തു;

(ബി) ഈ മാസങ്ങളിൽ തിരുവനന്തപുരം ഡിസ്ട്രിക്ടിലേയ്ക്കു മാത്രമുള്ള സഞ്ചാരച്ചെലവു ഇനത്തിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്.

ഉത്തരം.

(എ) 4,763 രൂപ നാലു് അണമാത്രം.

(ബി) 815 രൂപമാത്രം.

*Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly